കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുത്തൂർ ഗ്രാമപഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി 8)709/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തിയ്യതി: 22.05.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),
പുത്തൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം:- പുത്തൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 3-2, 3-4, 3-8, 3-10 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)709/19 തീയതി22.05.2019

## തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിലെ 08.07.17 മുതൽ 30.08.18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2017-18 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സൈമൺ.കെ.,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.04.2019 മുതൽ 16.04.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലത എം.എൻ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ചൈതന്യ പുരുഷോത്തമൻ (08.04.19 മുതൽ 16.04.19 വരെ)<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സുധ.ഇ.എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജീജോ ജോബ്, ഓഡിറ്റർ |
| | ഇദ്രിസ് അബ്ദുള്ള, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | മിനി ഉണ്ണിക്കൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | അജിത.കെ. | 01.04.2017 മുതൽ 08.06.2017 വരെ |
| | കിൻസ് ബോയ് (അധിക ചുമതല) | 09.06.17 മുതൽ 15.06.2017 വരെ |

| | | |
|---|---|---|
| | സുബ്രഹ്മണ്യൻ.ആർ (അധിക ചുമതല) | 16.6.2017 മുതൽ 22.06.2017 വരെ |
| | അന്നമ്മ സ്റ്റീഫൻ | 23.06.2017 മുതൽ 06.08.2017 വരെ |
| | സുഷമ.പി. | 07.08.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | കിൻസ് ബോയ് | 01.04.2017-15.06.2017 |
| | സുബ്രഹ്മണ്യൻ.ആർ | 16.06.2017-31.03.2018 |
| കൃഷി ഓഫീസർ | അർച്ചന വിശ്വനാഥൻ | 01.04.2017-31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | കെ.കെ.രാജീവ് | 1.04.2017-05.10.2017 |
| | ഒഴിവ് | 06.10.2017-08.10.2017 |
| | വി.കെ.പ്രഖിത | 09.10.2017-19.11.2017 |
| | കിമി ബോസ്.കെ. | 20.11.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ആദിത്ത്.എസ്. | 01.04.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. അഭിലാഷ് | 01.04.2017-31.07.2017 |
| | ഡോ.സ്മിത | 01.08.2017-31.03.2018 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. സീമ ആന്റണി | 01.04.2017-31.03.2018 |
| വെറ്ററിനറി സർജൻ | ഡോ.ജെ പി | 01.4.2017-31.03.2018 |
| പ്രധാന അദ്ധ്യാപിക | മല്ലിക.എ. | 01.4.2017-18.07.2017 എഫ്.എൻ |
| | രമണി.കെ.എ. | 18.07.2017 എ.എൻ – 31.03.2018 |
| വി.ഇ.ഒ. (മാന്ദാമംഗലം സർക്കിൾ) | സിബിതോമസ്.കെ. | 01.04.17-31.03.18 |
| വി.ഇ.ഒ. (പുത്തൂർ സർക്കിൾ) | ബിന്ദു.കെ. | 01.04.17-31.03.18 |
| വി.ഇ.ഒ. (മരത്താക്കര സർക്കിൾ) | നിജ്ജ ജോസ്.എ. | 01.04.17-31.03.18 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ബിന്ദു ആന്റണി | 01.04.2017-02.05.2017 |
| | സിന്ധു രാജൻ | |

| | | |
|---|---|---|
| | | 03.05.2017-31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | സ്മൃതി വാസുദേവൻ | 01.04.2017-30.06.2017 |
| | മഹേഷ്.വി.സി | 01.07.2017-27.07.2017 |
| | അമ്പിളി | 28.07.2017-31.03.2018 |

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം – 1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് &പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം – 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | ഡി&ഒ ലൈസൻസ് -അപാകതകൾ | 2-1 |
| 14 | സർക്കാർ അംഗീകാരം ലഭിച്ച ബൈലോ നിലവിലില്ല. | 2-2 |
| 15 | തൊഴിൽ നികുതി-അപാകതകൾ | 2-3 |
| 16 | പഞ്ചായത്ത് കമ്മിറ്റി തീരുമാനം -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-4 |
| 17 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-5 |
| 18 | ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റി -അവലോകനം | 2-6 |
| 19 | ബജറ്റ് രൂപീകരണത്തിലെ പോരായ്മകൾ | 2-7 |
| ഭാഗം-3 ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 20 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- 3,57,468 രൂപയുടെ ചെലവ് തടസ്സത്തിൽ വക്കുന്നു. | 3-1 |
| 21 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച് | 3-2 |
| 22 | കന്നുകുട്ടി പരിപാലന പരിപാടി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ വിഹിതം തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-3 |
| 23 | പി.എച്ച്.സി.യിലേക്ക് ഫോട്ടോസ്റ്റാറ്റ് വാങ്ങൽ- റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പരിധിയിലധികം തുക ചെലവഴിച്ചു | 3-4 |
| 24 | പെയിൻ & പാലിയേറ്റീവ് പരിപാടി - മരുന്നുകൾ ലഭ്യമായില്ല | 3-5 |
| 25 | അംഗനവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നില്ല. | 3-6 |

| | | |
|---|---|---|
| 26 | അംഗനവാടികളുടെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്. | 3-7 |
| 27 | പൊതുടാപ്പുകൾ-സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല | 3-8 |
| 28 | പൊതുമരാമത്ത് പ്രവൃത്തികളിലെ നിർവ്വഹണത്തിലെ പോരായ്മകൾ | 3-9 |
| 29 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം മാർഗ്ഗരേഖയ്ക്കു വിരുദ്ധം | 3-10 |
| 30 | സ്ഥലപരിശോധനാ റിപ്പോർട്ട് | 3-11 |
| 31 | മരാമത്തുപ്രവൃത്തികൾ - അവലോകനം | 3-12 |
| | ഭാഗം – 4 | |
| 32 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപം | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 39 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 42 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം – 1 |
| 43 | ഓഡിറ്റ് ചെയ്ത വാർഷികകണക്കിന്റെ റസീറ്റ് &പെയ്മെന്റ് അക്കൗണ്ട്, ഇൻകം&എക്സ്പെൻഡിച്ചർ പത്രിക, ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം | അനുബന്ധം –2 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 29.3.17 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 13.6.18 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2017-18 | 22.06.2018,23.06.2018 | കെഎസ്എ-ടിഎസ്ആർ(ഇ3)1150/18(57) തി.11.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് ₹ | 43896764 |
| വരവ് ₹ | 104730011 |
| ആകെ ₹ | 148626775 |
| ചെലവ് ₹ | 131767858 |
| നീക്കിയിരിപ്പ് ₹ | 16858917 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | -- | 26479000 | 26479000 | 22688648 | 3790352 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | -- | 10959304 | 10959304 | 10362536 | 596768 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | -- | 790679 | 790679 | 341065 | 449614 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | -- | 15366000 | 15366000 | 13092848 | 2273152 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | -- | 5823000 | 5823000 | 3619228 | 2203772 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | --- | 12435357 | 12435357 | 9185443 | 3249914 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) സംസ്ഥാനം&കേന്ദ്രം | | -- | 4439366 | 4439366 | 4311549 | 127817 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | -- | 17483727 | 17483727 | 17483727 | --- |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 3976.66 | 1005919 | 1009895.66 | 1002673.05 | 7222.61 |
| | മെറ്റീരിയൽ കോസ്റ്റ് | -- | 1198573 | 1198573 | 1198573 | -- |
| | ആകെ | 3976.66 | 19688219 | 19692195.66 | 19684973.05 | 7222.61 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ടി.എസ്.സി | 65796 | -- | 65796 | -- | 65796 |
| | ഐ.സി.ഡി.എസ്. | 938388 | 876300 | 1814688 | 1482640 | 332048 |
| | സി.എസ്.എസ്.ഗ്രാന്റ് ഫണ്ട് | 849 | -- | 849 | -- | 849 |
| | എം.പി.യുടെ പ്രാദേശിക വികസന ഫണ്ട് | -- | 489245 | 489245 | 489245 | -- |
| | നിർമ്മൽ പുരസ്കാർ | 500000 | -- | 500000 | -- | 500000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി മിഷൻ ഗ്രാന്റ് | 25000 | -- | 25000 | -- | 25000 |
| | സാക്ഷരത മിഷൻ ഗ്രാന്റ് | 100000 | -- | 100000 | -- | 100000 |

| | | | | | | |
|---|---|---|---|---|---|---|
| | ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 183493 | 183493 | 7329 | 176164 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 277488 | 900000 | 1177488 | 900000 | 277488 |
| | ജില്ലാ പഞ്ചായത്ത് | 1787705 | 2675000 | 4462705 | 2475000 | 1987705 |
| ബി ഫണ്ട് | തൊഴിൽ രഹിത വേതനം | --- | 33120 | 33120 | 33120 | 0 |
| | ഉത്പാദന ബോണസ് | --- | 32700 | 32700 | 32700 | 0 |
| തനത് ഫണ്ട് | കാനറ ബാങ്ക് | 6350963 | 16872788 | 23223751 | 16709122 | 6514629 |
| | പി.എസ്.സി.ബാങ്ക്,പുത്തൂർ | 99092 | -- | 99092 | 96808 | 2284 |
| | എസ്.ബി.ഐ.കട്ടനെല്ലൂർ | -- | 266474 | 266474 | 649 | 265825 |
| | ട്രഷറി അക്കൗണ്ട് | 27748464 | 16798127 | 44546591 | 42151151 | 2395440 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 263 | 135768806 | 255 | 71295250 | 103 | 8 | 96.95 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3976.66 | 1005919 | 1009895.66 | 1002673.05 | 7222.61 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | --- | 17483727 | 17483727 | 17483727 | ---- |
| സാധനവില | --- | 1198573 | 1198573 | 1198573 | ---- |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33120 | 57 |
| കർഷകതൊഴിലാളി പെൻഷൻ | 9980800 | 838 |
| വിധവാ പെൻഷൻ | 27196200 | 2192 |
| വാർദ്ധക്യകാല പെൻഷൻ | 45938000 | 3447 |
| വികലാംഗ പെൻഷൻ | 6157800 | 481 |
| അവിവാഹിത പെൻഷൻ | 2463800 | 200 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | -- | -- |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.04.2019-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,145/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

എല്ലാജീവനക്കാരുടേയും സേവന വിവരങ്ങൾ ഉൾപ്പെടുത്തി ഇൻക്യുമ്പൻസി രജിസ്റ്റർ തയ്യാരാക്കി സൂക്ഷിക്കേണ്ടതാണ്.

കടിവെള്ളപദ്ധതികളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളും സ്റ്റാന്റിങ്ങ് കമ്മറ്റി യോഗങ്ങളും നിയമപ്രകാരം ചേരുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ നിലവിലെ സാഹചര്യങ്ങൾക്കനുസരിച്ചുള്ള പദ്ധതി നിർദ്ദേശങ്ങളുംതീരുമാനങ്ങളും വളരെ വിരളമായേ ഉണ്ടാകുന്നുള്ളൂ.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25/01/2019-28 /01/2019 | 12/2018 | 20.03.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/02/2015 – 13/02/2015 | 2009-10 മുതൽ 2013-14 വരെ | 02.07.2015 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 ൽ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം (4,99,16,423/-) പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാനായില്ല.

2. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 18,00,770/- രൂപയാണ് ഡിമാൻഡും കളക്ഷനും ആയി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരം 17,23,490/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. തൻവർഷം കടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തുകയോ വർക്ക് ഷീറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

4. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2017-18 കാലയളവിലെ “Net decrease in cash and cash equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (2,70,37,847/- ) രൂപയാണ്. എന്നാൽ "Net cash generated by operating + Investing + Financing activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് (1,83,00,555/-) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച പത്രികയിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് -അപാകതകൾ

a) ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2017-18 ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ ഭൂരിഭാഗവും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ കാണുന്നില്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം, മുൻ വർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നല്കേണ്ടതാണ്

b)അപേക്ഷകളിൽ ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല.

അപേക്ഷയിൽ, ഒരു ദിവസത്തെ വിറ്റുവരവ്, ലൈസൻസ് ആവശ്യമായ വിസ്തീർണം തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.

c)ബിലേറ്റഡ് ഫീസ് ഈടാക്കിയിട്ടില്ല.

സമയ പരിധി കഴിഞ്ഞ് സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ചുമത്താവുന്നതാണ്.(ചട്ടം 19). എന്നാൽ താഴെ പറയുന്ന അപേക്ഷയിൽ അപ്രകാരം ചെയ്തിട്ടില്ല.

| അപേക്ഷകന്റെ പേര് | യന്ത്ര ശക്തി | ലൈസൻസ് തിയതി |
|---|---|---|
| റോയ് .ടി.ഡി | 35 എച്ച്.പി | 01.03.2017 |

## 2-2 സർക്കാർ അംഗീകാരം ലഭിച്ച ബൈലോ നിലവിലില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള വെട്ടുക്കാട്, കുരിശ്ശുമൂല ഷോപ്പിംങ് കോംപ്ലക്സിന്റെ വാടക സംബന്ധിച്ച ബൈലോയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല.

1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് ആവശ്യമെന്ന് തോന്നുന്ന ബൈലോകൾ ഉണ്ടാക്കുന്നതിനും ഭേദഗതി വരുത്തുന്നതിനും നടപടി ക്രമങ്ങൾ പാലിച്ച് ഇപ്രകാരം തയ്യാറാക്കുന്ന ചട്ടങ്ങൾ (ടി ചട്ടം 3(5) പ്രകാരം)ക്ക് സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ അംഗീകാരമുള്ള ബൈലോ ഏർപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ നിലവിലുള്ള ബൈലോയിൽ വാടക, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ സംബന്ധിച്ച് കൃത്യമായ പരാമർശങ്ങൾ ഇല്ല. ആവശ്യമായ മാറ്റങ്ങൾ വരുത്തി ബൈലോ പുതുക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 തൊഴിൽ നികുതി-അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള സ്ഥാപന തൊഴിൽ നികുതി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| ക്ഷീരോൽപാദക സംഘം മാന്ദാമംഗലം | 2 |
| പെന്റാ ഫിൻ കോർപ്പ് പുത്തൂർ | 1&2 |
| കെ.എസ്.ഇ.ബി പുത്തൂർ | 1 |
| ആദിത്യ ഫിനാൻസ് | 2 |
| ബ്രൈറ്റ് ഫിനാൻസ് | 2 |
| ബാങ്ക് ഓഫ് ഇന്ത്യ മരോട്ടിച്ചാൽ | 1 |

താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| ബാങ്ക് ഓഫ് ഇന്ത്യ മരോട്ടിച്ചാൽ | 1 |

തൊഴിൽ നികുതി ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പഞ്ചായത്ത് കമ്മിറ്റി തീരുമാനം -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ഗ്രാമ പഞ്ചായത്തിലെ 17ാം വാർഡിലെ 17/30,17/31 എന്നീ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സതേൺ ഇലക്ട്രോ കളറിംങ് അനുഗ്രഹ കോട്ടിംങ്സ് എന്നീ സ്ഥാപനങ്ങൾക്കെതിരെ പഞ്ചായത്തിലെ 18,19,23 എന്നീ വാർഡുകളിലെ ഏകദേശം 300ഓളം ആളുകൾ ഒപ്പിട്ട് പരാതി സമർപ്പിച്ചിരുന്നു, ആയതിൻമേൽ പ്രസ്തുത സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തി കൊണ്ട് 18.07.17 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. (തീരുമാനം നംമ്പർ-1 ). ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(9/12.04.19)ക്ക് പ്രസ്തുത വിഷയം WPC27680/17 നമ്പറിൽ ബഹു. ഹൈ ക്കോടതിയുടെ പരിഗണനയിൽ ആയതിനാൽ താൽക്കാലികമായി നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിന്റെ വിധി വരുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
2. ഗ്രാമ പഞ്ചായത്തിലെ ആശാദീപം റോഡിൽ പാടം നികത്ത് ഭൂമിയിൽ തിരുവാതിര ഹോളോബ്രിക്സ് എന്ന സ്ഥാപനം നടത്തിയിട്ടുള്ള അനധികൃത നിർമ്മാണം പൊളിച്ചു നീക്കുന്നതിന് 12.04.17 ലെ പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തി കൊണ്ട് തീരുമാനിച്ചിരുന്നു. (അജണ്ട-15). ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(10/12.04.19)ക്ക് പ്രസ്തുത വിഷയം APL 473/14 നമ്പറിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ട്രൈബ്യൂണൽ പരിഗണനയിൽ ആയതിനാൽ താൽക്കാലികമായി നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിന്റെ വിധി വരുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-5 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം 3 പൂർണ്ണ സാമ്പത്തിക വർഷങ്ങളിലായി അവകാശപ്പെടാത്തതും, തിരികെ വാങ്ങാത്തതുമായ ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് അപ്രകാരം ചെയ്തിട്ടില്ല. 31.3.2015 വരെ ഇപ്രകാരം തിരികെ നൽകാത്ത ഫണ്ടുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റി -അവലോകനം

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ പ്രകാരം ബജറ്റ്, തനത് വരുമാനങ്ങൾ, പൊതുഭരണം, രസീത് പരിശോധന, അക്കൗണ്ടുകൾ ഓഡിറ്റ്, നികുതി സംബന്ധമായ അപ്പീൽ തുടങ്ങിയ വിഷയങ്ങൾ ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റിയുടെ ചുമതലയാണ്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും, വരവ് ചെലവുകളും നിരീക്ഷിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുക, ബജറ്റിനനുസരിച്ച് വരവ് ചെലവുകൾ ക്രമീകരിക്കുക, പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ ധനസ്രോതസ്സ് വരുമാനം കണ്ടെത്തുക എന്നിവ ധനകാര്യ സ്റ്റാന്റിംങ് കമ്മറ്റിയുടെ ചുമതലയാണ്.
2017-18വർഷം 22 തവണ ധനകാര്യ സ്റ്റാന്റിംങ് കമ്മിറ്റി യോഗം ചേർന്നു. മാസം തോറുമുള്ള വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിംങ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ സ്റ്റാന്റിംങ് കമ്മിറ്റി യോഗങ്ങളിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ച് കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 പ്രകാരം ബജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സമയബന്ധിതമായി നടത്തി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തന രേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 2-7 <u>ബജറ്റ് രൂപീകരണത്തിലെ പോരായ്മകൾ</u>

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയ്യതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇപ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളെയും മറ്റ് ആവശ്യങ്ങളെയും പരിഗണിച്ചു കൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതും അത് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്തിന് മുമ്പാകെ അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ്.

എന്നാൽ പുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് രൂപീകരണത്തിനായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ അതാത് സ്റ്റാന്റിംഗ് കമ്മറ്റികളുടെ നിയന്ത്രണത്തിൽ വരുന്ന വിഷയങ്ങളെ സംബന്ധിച്ച ശുപാർശകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി മിനുട്സിൽ ഇല്ല. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 13.03.2017 ലെ യോഗത്തിലെ 2-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് രൂപീകരണത്തിനായി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 20.03.2017 ലെ യോഗത്തിലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകാരത്തിനായി ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും ഭരണസമിതിയുടെ 29.03.2017 ലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിക്കുകയും ചെയ്തു.

2017-18 വർഷത്തെ ബജറ്റ് രൂപീകരണത്തിലും അംഗീകാരത്തിലും ചട്ടപ്രകാരമുള്ള നടപടിക്രമങ്ങളോ സമയക്രമമോ പാലിക്കാത്തത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.11/16.04.19) ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച ത.സ്വ.ഭ.വ വകുപ്പിന്റെ 02.12.16 ലെ 3291/16 ഉത്തരവ് പുറത്തിറങ്ങിയപ്പോഴേക്കും 2017-18 ലെ ബജറ്റ് രൂപീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടായിരുന്നു എന്നതിനാലാണ് മേൽ അപാകത ഉണ്ടായത് എന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ കേരള പഞ്ചായത്ത് രാജ് നിയമങ്ങളുടെയും ബജറ്റ് രൂപീകരണം സംബന്ധിച്ച ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ബജറ്റ് രൂപീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

# ഭാഗം-3

## <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 3-1 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-357468രൂപയുടെ ചെലവ് തടസ്സത്തിൽ വക്കുന്നു.

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്നവയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ/ പ്രോജക്ട് | ട്രഷറിബിൽ നമ്പർ, തുക | തുക നല്കിയ സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 22/18<br>തെരുവുവിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കൽ | 43/21.03.2018 24,891/- | കെ.എസ്.ഇ.ബി.പുത്തൂർ |
| 2 | 22/18<br>തെരുവുവിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കൽ | 42/21.03.2018 1,73,496/- | കെ.എസ്.ഇ.ബി. മരത്താക്കര |
| 3 | 22/18<br>തെരുവുവിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കൽ | 27/23.02.2018 26,746/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ഇലക്ട്രിക്കൽ സെക്ഷൻ തൃശ്ശൂർ |
| 4 | ഐ.കെ.എം. വിഹിതം അടവാക്കൽ | 7/17-18 /25.8.17<br>1,32,335/- രൂപ | ഐ.കെ.എം. തിരുവനന്തപുരം |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 3,57,468/- രൂപയുടെ ചെലവ് തടസ്സത്തിൽ വക്കുന്നു.

## 3-2 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച്

2017-18 വർഷത്തെ പദ്ധതി രൂപീകരണത്തിലും പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് ചെയ്യുന്നതിലും വർക്കിംഗ് ഗ്രൂപ്പുകൾ വഹിക്കുന്ന പങ്കിനെ സംബന്ധിച്ച് മൃഗസംരക്ഷണവും ക്ഷീരവികസനവും, ആരോഗ്യം, സാമൂഹ്യനീതി, വനിത വികസനം, പട്ടികജാതി വികസനം/പട്ടിക വർഗ്ഗ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ താഴെ പറയുന്ന വിഷയങ്ങൾ കാണുന്നു.

വർക്കിംഗ് ഗ്രൂപ്പ് ഹാജർ രജിസ്റ്റർ പ്രകാരം 2017-18 വർഷത്തിൽ നാലു യോഗങ്ങൾ (04/04/17, 21/04/17, 06/05/17, 15/05/17) ചേർന്നിട്ടുണ്ട്. ആദ്യത്തെ മൂന്നു യോഗങ്ങൾ വാർഷിക പദ്ധതി രൂപീകരണത്തിനായും നാലാമത്തെ യോഗം വികസന സെമിനാറിനായും ചേർന്നതാണ്. പദ്ധതി രൂപീകരണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും നല്ല പല നിർദ്ദേശങ്ങളും ഉയർന്നു വന്നിട്ടുണ്ട്. പല നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കിയിട്ടുണ്ട്.

എന്നാൽ പദ്ധതി നിർവ്വഹണ വേളയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് വർക്കിംഗ് ഗ്രൂപ്പുകൾ യാതൊരു പങ്കും വഹിച്ചതായി മിനുട്സ് പരിശോധനയിൽ കണ്ടെത്തിയില്ല. മാത്രമല്ല 2017-18 ലെ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(എം.എസ്) നം. 72/17/ത.സ്വ.ഭ.വ. തീയതി 29.03.17) ഖണ്ഡിക നമ്പർ 14.6(1) പ്രകാരം പ്രൊജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ

വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ മോണിറ്ററിംഗ് കമ്മറ്റി യോഗം ചേർന്നതായോ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയതായോ കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.12/16.04.19) മറുപടി ലഭ്യമാക്കിയില്ല. ഭാവിയിൽ പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 3-3 കന്നുകുട്ടി പരിപാലന പരിപാടി - ഒഴിവാക്കപ്പെട്ട ഗുണഭോക്താക്കളുടെ വിഹിതം തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

കന്നുകുട്ടി പരിപാലനം (42/18) എന്ന പദ്ധതി മുഖേന 45 ഗുണഭോക്താക്കളുടെ എസ്.എൽ.ബി.പി. പഞ്ചായത്ത് വിഹിതമായ 2,81,250/- (6250 x 45)രൂപയും കന്നുകുട്ടി പരിപാലനം-ഹൾ പഞ്ചായത്ത് (130/18) എന്ന പദ്ധതി മുഖേന 100 ഗുണഭോക്താക്കളുടെ എസ്.എൽ.ബി.പി. പഞ്ചായത്ത് വിഹിതവും സംസ്ഥാന വിഹിതവും കൂടിയ തുകയായ 12,50,000/- (12500 x 100) രൂപയും എസ്.എൽ.ബി.പി. (അക്കൗണ്ട് നമ്പർ : 713011400000034) യിൽ അടവാക്കിയിട്ടുണ്ട്. മാന്ദാമംഗലം ക്ഷീരസഹകരണ സംഘം, ചെമ്പംകണ്ടം ക്ഷീരസഹകരണ സംഘം എന്നിവ മുഖേനയാണ് കാലിത്തീറ്റ വിതരണം നടത്തിയിരിക്കുന്നത്. പദ്ധതിയിൽ പങ്കാളികളായവർക്ക് കാലിത്തീറ്റ വിതരണം നടത്തിയത് രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി തുകയ്ക്കനുസൃതമായി കാലിത്തീറ്റ വിതരണം നടത്തിയിട്ടില്ല എന്ന് കാണുന്നു.

| ക്രമനമ്പർ | പേര് | എൻറോൾമെന്റ് തീയതി | അവസാനം കാലിത്തീറ്റ വാങ്ങിയ തീയതി |
|---|---|---|---|
| മാന്ദാമംഗലം ക്ഷീരസഹകരണ സംഘം | | | |
| 1 | പ്രഫുല്ല.എ.കെ. | 01/02/18 | 19/05/18 |
| 2 | പ്രിസ്റ്റൺ ജേക്കബ് | 01/02/18 | 19/11/18 |
| 3 | സരസ്വതി | 01/02/18 | 01/12/18 |
| 4 | ത്രേസ്യാമ്മ | 01/02/18 | 01/02/18 |
| 5 | ഷീല | 01/02/18 | 19/06/18 |
| ചെമ്പംകണ്ടം ക്ഷീര സഹകരണ സംഘം | | | |
| 6 | ഭവാനി.കെ.സി. | 01/02/18 | 18/12/18 |
| 7 | ചന്ദ്രിക.ടി.എ. | 01/02/18 | 19/11/18 |
| 8 | കറപ്പക്കുട്ടി | 01/02/18 | 18/05/18 |
| 9 | റപ്പായി | 01/02/18 | 18/01/19 |
| 10 | ആനന്ദൻ | 19/03/18 | 18/01/19 |
| 11 | പോൾ.വി.ജെ. | 19/03/18 | 20/06/18 |
| 12 | മോഹനൻ.കെ.കെ. | 02/03/18 | 18/01/19 |
| 13 | മത്തായി | 02/03/18 | 18/01/19 |
| 14 | സഹദേവൻ | 02/03/18 | 18/01/19 |
| 15 | ലില്ലി | 02/03/18 | 18/01/19 |

ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.13/17 തീയതി.16/04/19) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ അനുവദിച്ച സബ്സിഡി ബാക്കി നിൽക്കുന്നത് എസ്.എൽ.ബി.പി.യിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-4 പി.എച്ച്.സി.യിലേക്ക് ഫോട്ടോസ്റ്റാറ്റ് വാങ്ങൽ– റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പരിധിയിലധികം തുക ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പ്രോജക്ടിന്റെ പേരും നമ്പറും – പി.എച്ച്.സി ക്കാവശ്യമായ ഫോട്ടോസ്റ്റാറ്റ് & കമ്പ്യൂട്ടർ (142/18)

വകയിരുത്തിയ തുക – 1,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവഴിച്ച തുക – 54,700/-

ട്രഷറി ബിൽ നം.& തീയതി – 17/27.02.18

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്) നമ്പർ 330/2004/ത.സ്വ.ഭ.വ. തീയതി.09.12.2004 നുള്ള വിശദീകരണം സർക്കുലർ നം. 47836/എഫ്.എം./2011/തസ്വഭവ തീയതി 29.12.11 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ആശുപത്രികൾക്ക് ആവശ്യമായ പുതിയ ഉപകരണങ്ങൾ വാങ്ങുന്നതിന് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഒരു ഉപകരണത്തിന് പരമാവധി 25,000/- രൂപ മാത്രമേ വിനിയോഗിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പി.എച്ച്.സി ക്കാവശ്യമായ ഫോട്ടോസ്റ്റാറ്റ് & കമ്പ്യൂട്ടർ (142/18) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിന് 54,700/- രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന്(നം.14/16.04.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച തൃപ്തികരമായ മറുപടി ലഭിക്കുന്നത് വരെ അധികമായി ചെലവഴിച്ച 29,700/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 പെയിൻ & പാലിയേറ്റീവ് പരിപാടി - മരുന്നുകൾ ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

പദ്ധതിയുടെ പേരും നമ്പറും - പെയിൻ & പാലിയേറ്റീവ് കെയർ പ്രോഗ്രാം (138/18)

വകയിരുത്തിയ തുക – 9,00,000/- (5,00,000 – വികസനഫണ്ട്, 2,00,000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 2,00,000- ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവഴിച്ച തുക – 6,99,983 (4,99,983 – വികസനഫണ്ട്, 2,00,000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിക്കാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് കാരുണ്യ ഫാർമസി /കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ന് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമനമ്പർ | ബിൽ വിവരങ്ങൾ | തുക കൈപ്പറ്റിയ ഏജൻസി | IFSC | അക്കൗണ്ട് നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|---|---|---|
| 1 | ട്ര.ബി..01/22.08.17 Gross Amount- 1,24,863/- | കാരുണ്യ ഫാർമസി | SBIN0070786 | 67214409195 | 28,463/- |
| 2 | ട്ര.ബി..04/23.10.17 Gross Amount- 57,221/- | കാരുണ്യ ഫാർമസി | SBIN0070786 | 67214409195 | 34,177/- |
| 3 | ട്ര.ബി..09/17.11.17 Gross Amount- 1,39,928/- | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | PUNB0362400 | 3624001800000019 | 1,26,478/- |
| 4 | Block Share | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | PUNB0362400 | 3624001800000019 | 64,573/- |
| ആകെ | | | | | 2,53,691/- |

എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മരുന്നുകൾ നാളിതു വരെ കൈപ്പറ്റിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (16/16.04.19) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ച 2,53,691/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 അംഗനവാടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ 52 അംഗനവാടികൾ ആണ് നിലവിൽ ഉള്ളത്. സർക്കുലർ നമ്പർ 31055/ഡി.സി.2/2011/ത.സ്വ.ഭ.വ 22.3.11 സി (1)പ്രകാരം എല്ലാ വർഷവും മെയ് 10നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗനവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ്സ് നൽകേണ്ടതുമാണ്. സി (2) പ്രകാരം യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗനവാടികൾ പ്രവർത്തിക്കാൻ പാടില്ല. എന്നാൽ ഗ്രാമപഞ്ചായത്തിലെ 52 അംഗനവാടികളും 2017-18 കാലയളവിൽ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവർത്തിച്ചിരിക്കുന്നത്. 2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയം ബാധിച്ച 110,124,118,123,114 നമ്പർ അംഗനവാടികൾക്ക് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നത് 16.11.18 നാണ്. എല്ലാ വർഷവും മെയ്10നകം പരിശോധിച്ച് അറ്റകുറ്റപ്പണികൾ ആവശ്യമുണ്ടെങ്കിൽ ആയത് ചെയ്ത് മെയ് 30നകം ഫിറ്റ്നെസ്സ് ഉറപ്പാക്കേണ്ടതാണ്.ആയതിനാൽ ഫിറ്റ്നെസ്സ് ഉറപ്പാക്കാതെ അംഗനവാടികൾ പ്രവർത്തിക്കുന്നത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണ്. അംഗനവാടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിലേക്ക് ഭരണാധികാരികളുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 അംഗനവാടികളുടെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതാണ്.

പഞ്ചായത്തിലെ അംഗനവാടികളുടെ നിലവിലെ സ്ഥിതി താഴെ പ്പറയും പ്രകാരമാണ്.

| | |
|---|---|
| അംഗനവാടികളുടെ എണ്ണം | 52 |
| സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 47 |
| വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 4 |
| വാടക ഇല്ലാതെ പ്രവർത്തിക്കുന്നത് | 1 |
| കുടിവെള്ളസൗകര്യം ഉള്ളത് | 43 |
| ചുറ്റമതിൽ ഉള്ളത് | 30 |
| ടോയ് ലെറ്റ് ഉള്ളത് | 51 |
| കറണ്ട് ഉള്ളത് | 52 |
| ഗ്യാസ് കണക്ഷൻ ഉള്ളത് | 52 |

അംഗനവാടികളുടെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പൊതുടാപ്പുകൾ-സംയുക്ത പരിശോധന നടത്തി കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല

I. പൊതുടാപ്പുകൾ.

ഗ്രാമപഞ്ചായത്ത് പരിധിയിൽ കേരള ജല അതോറിറ്റിയുടെ കണക്കുപ്രകാരം 496 പൊതു ടാപ്പുകൾ ഉണ്ട്. ആയതിന് പ്രതിമാസം 2,17,000/- രൂപ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. ഇത് പഞ്ചായത്തിന് അമിത ബാധ്യതയാകുമെന്നതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. ജല അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും വെള്ളക്കരം ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ (സാധാരണ) നം.1275/09/ ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11എ/12.04.2019) 2019 മാർച്ച് മാസത്തിൽ സംയുക്ത പരിശോധന പൂർത്തീകരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

2. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് വീടുകളിലേക്ക്

കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ഏറ്റെടുക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജി.ഒ(എം.എസ്)നം.72/2017/ത.സ്വ.ഭ.വ തിയതി 29-3-2017, ജി.ഒ (എം.എസ്)നം.80/2017/ത.സ്വ.ഭ.വ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ അനുസരിച്ച് പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്.

3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

II. കുടിവെള്ള പദ്ധതികളുടെ കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

2017-18 സാമ്പത്തികവർഷം കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും അടവാക്കി വരുന്നു. ജി.ഒ(ആർ.ടി)3065/2016 ത.സ്വ.ഭ.വ തിയതി 10.11.16 പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലും പ്രവർത്തിക്കുന്ന കുടിവെള്ള പദ്ധതികൾ, ഗുണഭോക്തൃസമിതിയെ ഏൽപ്പിച്ചിട്ടുള്ള കുടിവെള്ളപദ്ധതികൾ, ഗുണഭോക്തൃകമ്മിറ്റി അംഗങ്ങൾ എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്തൃസമിതി ഏറ്റെടുക്കാൻ തയ്യാറാകാത്ത പക്ഷം ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടത്താവുന്നതും കുടിവെള്ള പദ്ധതി ഗുണഭോക്താക്കളിൽ നിന്ന് വാട്ടർ ചാർജ് പിരിക്കാവുന്നതുമാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് കുടിവെള്ള പദ്ധതികൾ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ശേഖരിക്കേണ്ടത് അത്യാവശ്യമാണ്. രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 പൊതുമരാമത്ത് പ്രവൃത്തികളിലെ നിർവ്വഹണത്തിലെ പോരായ്മകൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/ത.സ്വ.ഭ.വ യിൽ വിശദമായി നിർദ്ദേശങ്ങളുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നിവ നിർവ്വഹിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. റോഡ് കണക്ടിവിറ്റി പ്ലാൻ, ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല

ഗതാഗതമേഖലയിലെ പ്രൊജക്ട് നിർവ്വഹിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 12.10(1) ൽ അനുശാസിക്കുന്നു. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്ടിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്ടിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കാതെയാണ് ഗതാഗതമേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കിയിരിക്കുന്നത്.

2. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല.

സംരക്ഷണഗ്രാന്റ് വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് ആസ്തി സംരക്ഷണപ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്.

3. നിർദ്ദിഷ്ട രീതിയിൽ മോണിട്ടറിംഗ് നടത്തുന്നില്ല.

മാർഗ്ഗരേഖയിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. മേൽപറഞ്ഞ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-10 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗം മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

13 ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്.)നം.72/2017/ത.സ്വ.ഭ.വ യിലെ ഖണ്ഡിക 13.8(1)(vii) അനുസരിച്ച് റോഡ് സംരക്ഷണം, പരിപാലനം എന്നീ പ്രവർത്തനങ്ങൾക്ക് പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. തദ്ദേശഭരണവകുപ്പിന്റെ 10.11.2017ലെ ഡി.എ. 1/859/2017/ത.സ്വ.ഭ.വ നം. സർക്കുലറിൽ പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റിംഗും ടാറിംഗും ചെയ്യാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി മാത്രമേ കോൺക്രീറ്റിംഗും ടാറിംഗും നടത്താവൂ എന്നും സർക്കുലറിൽ പറയുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പുതിയ റോഡിൽ മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് തൻവർഷം നിർവ്വഹിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട്നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽതുക | ചെലവഴിച്ച തുക | ചെലവിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | 47/18 | സൂര്യഗ്രാമംഫസ്റ്റ് സ്ട്രീറ്റ് റോഡ് | 88685 | 43515 | 19/17-18,29.8.17 |
| 2 | 50/18 | അഞ്ചുമൂല മണ്ണൂർ റോഡ് | 100000 | 95240 | 29/17-18,30.10.17 |
| 3 | 52/18 | പുത്തൻകാട് ഗാന്ധി റോഡ് | 400000 | 368884 | 74/17-18,31.3.18 |
| 4 | 53/18 | പുത്തൻകാട് വില്ലൻകുന്ന് റോഡ് | 400000 | 395928 | 62/17-18,21.3.18 |
| 5 | 78/18 | കൈനിക്കുന്ന് സബ്ബ് റോഡ് | 100000 | 99997 | 28/17-18 ,30.10.17 |
| 6 | 80/18 | കുരിശുമൂല ത്രിവേണി റോഡ് | 130000 | 127485 | 16/17-18,12.7.18 |
| 7 | 83/18 | ചർച്ച്റോഡ് | 400000 | 383092 | 35/17-18,15.2.18 |
| 8 | 86/18 | എ.പി.ജെ. അബ്ദുൽകലാം റോഡ് | 400000 | 371311 | 42/17-18,8.3.18 |
| 9 | 101/18 | സർവ്വോദയം റോഡ് പൂർത്തീകരണം | 270000 | 246876 | 9/17-18,30.6.17 |
| 10 | 116/18 | ദീപംറോഡ് മരോട്ടിച്ചാൽ | 300000 | 298439 | 53/17-18,21.3.18 |
| 11 | 199/18 | ഐക്യനഗർറോഡ് സെക്കന്റ് റീച്ച് | 300000 | 290617 | 67/17-18 ,31.3.18 |
| 12 | 200/18 | ലക്ഷംവീട് കോളനിറോഡ് പൂർത്തീകരണം | 200000 | 175225 | 5/17-18,21.3.18 |
| 13 | 203/18 | ദീപം റോഡ് ടാറിംഗ് | 300000 | 299556 | 54/17-18,21.3.18 |
| 14 | 204/18 | വലക്കാവ് ഐശ്വര്യ റോഡ് | 200000 | 196436 | 64/17-18,26.3.18 |
| 15 | 206/18 | മൂലേപ്പായി ഗാർഡൻ റോഡ് | 200000 | 197981 | 77/17-64 /17-18,31.3.18 |
| 16 | 208/18 | നേതാജി കമ്പനിറോഡ് | 200000 | 199588 | 49/17-18 ,21.3.18 |
| 17 | 207/18 | മരുതകുഴി കള്ളിപറമ്പിൽ റോഡ് | 300000 | 300000 | 56/17-18,26.3.18 |

| | | | | | |
|---|---|---|---|---|---|
| 18 | 214/18 | നേതാജി അച്ചൻപടിറോഡ് | 300000 | 299829 | 68/17-18,31.3.18 |
| 19 | 222/18 | ജ്യോതിനഗർ ശിവക്ഷേത്രംറോഡ് | 200000 | 199903 | 65/17-18,26.3.18 |
| 20 | 226/18 | നീലംകാവിൽ റോഡ് | 200000 | 93562 | 58/17-18,26.3.18 |
| 21 | 260/18 | എ.പി.ജെ. അബ്ദുൽകലാംറോഡ് വൊജി.ഒർഡ് 11 | 300000 | 300000 | 51/17-18,21.3.18 |
| 22 | 261/18 | ഫിഷ് ഫാം ടെമ്പിൾറോഡ് വാർഡ് 17 | 300000 | 299302 | 69/17-18,31.3.18 |
| 23 | 267/18 | എൻ.എസ്.എസ്. റോഡ് നമ്പ്യാർ റോഡ് | 200000 | 190600 | 50/17-18,21.3.18 |
| | | ആകെ | 5788685 | 5473366 | |

ഫണ്ട് വിനിയോഗം നടത്തുമ്പോൾ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 54,73,366/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 സ്ഥലപരിശോധനാ റിപ്പോർട്ട്

എ) കൃഷിഭവനുവേണ്ടി കെട്ടിടം പണിതിട്ടുണ്ടെങ്കിലും കൃഷിഭവൻ ഇപ്പോഴും പ്രവർത്തിക്കുന്നത് വാടകകെട്ടിടത്തിൽ

പുത്തൂർ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതിചെയ്യുന്ന കരിശ്ശുമൂല ഹോമിയോ ഹോസ്പിറ്റലിനുമുകളിൻ കൃഷിഭവനുവേണ്ടി ഓഫീസ് നിർമ്മിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പ്രോജക്ട് നമ്പർ 67/18, കൃഷിഭവനുവേണ്ടി അനുബന്ധ സൗകര്യങ്ങൾ എന്ന പ്രവൃത്തി നടപ്പാക്കിയിട്ടുണ്ട്. ഇതിനായി 7,76,861/- രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയുംചെയ്തിട്ടുണ്ട്. പ്രവൃത്തിപൂർത്തിയാക്കിയ കെട്ടിടം വെറുതെ കിടക്കുമ്പോളാണ് കൃഷിഭവൻ യാതോരു സൗകര്യങ്ങളുമില്ലാത്ത വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. വാടകയിനത്തിൽ പ്രതിമാസം 2,750/- അടവാക്കി വരുന്നുണ്ട്. കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തുവക കെട്ടിടത്തിലേക്കു മാറ്റുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ബി)അഗ്രൊ ക്ലിനിക്

ഗ്രാമപഞ്ചായത്തിലെ വെട്ടുകാട് പ്രദേശത്താണ് (11-ാം വാർഡ്) ആഗ്രോ ക്ലിനിക് സ്ഥിതിചെയ്യുന്നത്. 2017-18 വർഷത്തിൽ 4,50,000/-ചെലവഴിച്ച് എക്സ്റ്റൻഷൻ പ്രവർത്തികളും അറ്റകുറ്റപണികളും നടത്തിയ ടി കെട്ടിടം ഇപ്പോൾ ഒന്നിനും ഉപയോഗിക്കാത്തതുകൊണ്ട് കാടുകേറി നശിച്ചുകൊണ്ടിരിക്കുകയാണ്.

സി)ചെറുകുന്ന് സ്കൂൾ

സ്കൂൾ മെയിന്റനൻസിന്റെ ഭാഗമായി പൊളിച്ചെടുത്ത ഓടും മരക്കഷണങ്ങളും ലേലം ചെയ്യാതെ കൂട്ടിയിട്ടിരിക്കുന്നത് കണ്ടു. ടി വസ്തുക്കൾ അവിടെ കിടന്നു നശിക്കുന്നതിനു മുമ്പ് ലേലം ചെയ്ത് തുക പഞ്ചായത്തു ഫണ്ടിലേക്കു മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 മരാമത്തുപ്രവൃത്തികൾ - അവലോകനം

2017-18 വർഷത്തിൽ മരാമത്തു പ്രവൃത്തികൾക്കായി 207 പ്രോജക്ടുകളാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ നടപ്പാക്കിയതാവട്ടെ 139 പ്രോജക്ടുകളും. മൊത്തം വകയിരുത്തിയ 6,42,52,732 രൂപയിൽ 3,00,54,299 രൂപ മാത്രമാണ് ചെലവഴിക്കാനായത്. 3,41,98,433 രൂപ, അതായത് വകയിരുത്തിയതിന്റെ പകുതിയോളം തുക ലാപ്സായി പോയി. യാതൊരു

വികസന കാഴ്ചപ്പാടുകളും പ്ലാനിങ്ങുമില്ലാതെ പ്രോജക്ടുകൾ തെരഞ്ഞെടുത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ഭാവിയിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ അവ യഥാർത്ഥത്തിൽ നടപ്പാക്കാൻ പറ്റിയ പ്രോജക്ടുകളാണോയെന്ന് പരിശോധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2017-18 | 500000 | പൂരക പോഷകാഹാര പരിപാടി | 500000 | -- |
| | | 675000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 675000 | |
| | | 400000 | വൃദ്ധർക്ക് കട്ടിൽ | 94640 | 305360 |
| | | 400000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 245705 | 154295 |
| | | 500000 | തെരുവു വിളക്കുകൾ സ്ഥാപിക്കൽ | 500000 | -- |
| | | 200000 | പെയിൻ & പാലിയേറ്റീവ് | 200000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പെയിൻ & പാലിയേറ്റീവ് | 200000 | -- |
| | | 425000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 425000 | -- |
| | | 275000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 275000 | -- |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| |
|---|
| ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ഇല്ല |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല. | | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ സംബന്ധിച്ച് പഞ്ചായത്ത് ലഭ്യമാക്കിയ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 2006-07 | 3-2 | കേസുകളുടെ നടത്തിപ്പ് | |
| ലഭ്യമല്ല | ലഭ്യമല്ല | 2006-07 | 3-7,3-8 | പദ്ധതി രൂപികരണ ചെലവ് | |
| ലഭ്യമല്ല | ലഭ്യമല്ല | 2007-08 | 3-4 | തനതുഫണ്ട് ചെലവ് കന്നുകുട്ടി പരിപാലനം | |
| ലഭ്യമല്ല | ലഭ്യമല്ല | 2008-09 | 3-4-1 | ഗുണഭോക്തൃപദ്ധതികൾ കുടുബശ്രീയെ ഏൽപ്പിച്ച് പണം നൽകി | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹104730011 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹131767858 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹61,14,225 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,57,468 | സുഷമ.പി, സെക്രട്ടറി |
| 3-4 | 29,700 | ഡോ.ആദിത്ത്.എസ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-5 | 2,53,691 | |
| 3-10 | 48,60,253 | കിമി ബോസ്.കെ, അസി.എഞ്ചിനീയർ |
| | 4,17,876 | രാജീവ്.കെ.കെ, അസി.എഞ്ചിനീയർ |
| | 1,95,237 | വി.കെ.പ്രഖിത, അസി.എഞ്ചിനീയർ |
| ആകെ | ₹61,14,225 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| |
|---|
| ഇല്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1982-83, 84-85 മുതൽ 93-94 വരെ | എൽ.എഫ്.ടി(എസ്.2)-1640/11/ തീയതി 28.10.11/ 06.12.11 | |
| 1994-95, 95-96 | എൽ.എഫ്.ടി.(എസ്.2) - 1640/11/ തീയതി 28.10.11/ 06.12.11 | |
| 1996-97 | എൽ.എഫ്.ടി.(എസ് 11) 241/04 തീയതി 10.08.04 | |
| 1997-98 | എൽ.എഫ്.ടി.(എസ് 11) 1316/98 തീയതി 05.02.99 | |
| 1998-99 | എൽ.എഫ്.ടി.(എസ് 11) 1570/00 തീയതി 05.03.11 | |
| 1999-2000, 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.(എസ് 11) 1244/03 തീയതി 21.08.04 | |
| 1999-2000 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 1251/04 തീയതി 18.05.05 | |
| 2000-01 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 1536/07 തീയതി 07.11.08 | |
| 2001-02 (ജനകീയാസൂത്രണം ഒഴികെ) | എൽ.എഫ്.ടി.(എസ് 11) 2362/07 തീയതി 07.11.08 | |
| 2002-03 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 2363/07 തീയതി 07.11.08 | |
| 2003-04 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1686/07 തീയതി 07.11.08 | |
| 2004-05 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 32/09 തീയതി 21.06.10 | |
| 2005-06 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1388/09 തീയതി 02.07.10 | |
| 2006-07 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 1389/09 തീയതി 02.07.10 | |
| 2007-08 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 921/10 തീയതി 23.03.11 | |

| | | |
|---|---|---|
| 2008-09 വരവ് - ചെലവ് | എൽ.എഫ്.ടി.(എസ് 11) 922/10 തീയതി 23.03.11 | |
| 2009-10 | എൽ.എഫ്.ടി.(പി 4)1101/12 തീയതി 22.11.12 | |
| 2010-11 | എൽ.എഫ്.ടി.(പി 4)1096/12 തീയതി 21.11.12/13.03.13 | |
| 2011-12 | എൽ.എഫ്.ടി.(പി 4)1116/13 തീയതി 04.12.13 | |
| 2012-13 | എൽ.എഫ്.ടി.(പി 8)1035/14 തീയതി 14.11.14/07.01.15 | |
| 2013-14 | എൽ.എഫ്.ടി.(പി 8)193/15 തീയതി 03.08.15/02.06.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 1418/15 തീയതി 07.11.15/ 07.12.15 | |
| `2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 2203/16 തീയതി : 20-01-2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(പി8) 1297/17 തീയതി : 07-08-2017 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## <u>അനുബന്ധം - 1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പൂത്തുർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂത്തുർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-2

## ഓഡിറ്റ് ചെയ്ത വാർഷികകണക്കിന്റെ റസീറ്റ് &പെയ്മെന്റ് അക്കൗണ്ട്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം

| | |
|---|---|
| | സംക്ഷിപ്തം(AuditedAbstract) |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 3 | ബാലൻസ് ഷീറ്റ് |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

.